37(42) പത്രങ്ങൾക്ക് നൽകുന്ന പരസ്യം

ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പത്രങ്ങൾക്ക് എന്തു തുകയ്ക്കുള്ള പരസ്യം നൽകി;

(ബി) ഓരോ പത്രത്തിനും എന്തു തുകയ്ക്ക് വീതമുള്ള പരസ്യങ്ങൾ നൽകി;

(സി) പ്രസ്തുത പത്രങ്ങൾക്ക് ഏതെങ്കിലും ഏജൻസി വഴിയോ മദ്ധ്യവർത്തി മുഖേനയോ ആണോ പരസ്യം നൽകിയിട്ടുള്ളത്;

(ഡി) എങ്കിൽ ഏത് ഏജൻസി വഴി അല്ലെങ്കിൽ മദ്ധ്യവർത്തി വഴി യാണ് ഈ പരസ്യങ്ങൾ നൽകിയതെന്ന് പറയുമോ; ഈ ഏജൻസി ഉടമ കളോ, മദ്ധ്യവർത്തികളോ ആരാണെന്നു പറയുമോ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പി.ആർ.ഡി. വഴി ഇതുവരെ ഏകദേശം 2,65,54,068/- (രണ്ട് കോടി അറുപത്തിയഞ്ച് ലക്ഷത്തി അൻപത്തിനാലായിരത്തി അറുപത്തിയെട്ട് രൂപയുടെ പ്രചാരണപര സ്യവും 15,61,33,269/- (പതിനഞ്ചുകോടി അറുപത്തി ഒന്ന് ലക്ഷത്തി മുപ്പത്തി മൂവായിരത്തി ഇരുന്നൂറ്റി അറുപത്തി ഒൻപത് രൂപ)യ്ക്കുള്ള ടെൻഡർ പര സ്യവും പത്രങ്ങൾക്ക് നൽകിയിട്ടുണ്ട്.

(ബി) ഉത്തരം അനുബന്ധമായിചേർത്തിട്ടുണ്ട്.*

(സി) അല്ല. പി.ആർ.ഡി. കൊടുക്കുന്ന പരസ്യങ്ങൾ പി.ആർ.ഡി. നേരിട്ട് തന്നെയാണ് കൊടുക്കുന്നത്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

38 (43) പ്രചാരണ പ്രസിദ്ധീകരണങ്ങൾ

ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഗവൺമെന്റിന്റെ പ്രവർത്തനം സംബന്ധിച്ച എത്ര പ്രചാരണ പ്രസിദ്ധീകരണങ്ങളും മറ്റു പ്രസി ദ്ധീകരണങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്;

(ബി) ഇവ എവിടെയെല്ലാമാണ് അയച്ചത്; ഇവയ്ക്ക് വേണ്ടി എന്തു തുക ചെലവാക്കിയിട്ടുണ്ട്;

(സി) ഇവയ്ക്ക് വേണ്ടി എത്ര കടലാസ് വേണ്ടി വന്നു;

(ഡി) ഈ കടലാസ് എവിടെ നിന്നെല്ലാമാണ് കിട്ടിയതെന്ന് പറ യുമോ?

---

* അനുബന്ധം XV

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാരിന്റെ പ്രവർത്തനം സംബന്ധിച്ച് മലയാളത്തിൽ 210 പ്രചാരണ പുസ്തകങ്ങളും ഇംഗ്ലീഷിൽ 50 പുസ്തകങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾ കേരളത്തിലെ ജില്ലാ ഇൻഫർമേഷൻ ആഫീസുകളിലേയ്ക്കാണ് അയച്ചിട്ടുള്ളത്. കൂടാതെ ന്യൂഡൽഹി കേരള ഹൗസിൽ പ്രവർത്തിക്കുന്ന ഇൻഫർമേഷൻ സെന്ററിലേക്കും പ്രസിദ്ധീകരണങ്ങൾ അയച്ചിട്ടുണ്ട്. പ്രസിദ്ധീകരണങ്ങൾ അയക്കുന്നതിനായി ഇതുവരെ 10.16 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

(സി) പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണങ്ങൾ സാധാരണയായി സർക്കാർ പ്രസ്സിലും അർദ്ധ സർക്കാർ പ്രസ്സുകളിലുമാണ് അച്ചടിക്കുന്നത്. അതിനാൽ ഇതിലേക്കാവശ്യമായ കടലാസിന്റെ കണക്കുകൾ പ്രത്യേകം കണക്കാക്കിയിട്ടില്ല.

(ഡി) ബാധകമല്ല.

39(44) എക്സ്-സർവീസുകാർക്ക് പെൻഷൻ വർദ്ധനവ്

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എക്സ് സർവീസുകാർക്ക് 5-ാം ശമ്പള കമ്മീഷൻ റിപ്പോർട്ട് അനുസരിച്ചുള്ള പെൻഷൻ വർദ്ധനവ് ഇതുവരെ നടപ്പാക്കിയിട്ടില്ലെന്നുള്ള വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഇതിന്മേൽ സർക്കാർ അടിയന്തിരനടപടി സ്വീകരിക്കുമോ;

(ബി) സൈനിക് ബോർഡുകളിൽ, വിമുക്തഭട സംഘടനാപ്രതിനിധികളെ ഉൾപ്പെടുത്തുക, വിമുക്തഭട കോർപ്പറേഷൻ രൂപീകരിക്കുക തുടങ്ങി വിവിധ ആവശ്യങ്ങൾ ഉന്നയിച്ച കേരളാ സ്റ്റേറ്റ് എക്സ് സർവീസ് ലീഗിന്റെ പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ ഇതിന്മേൽ സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരാണ് നടപടി സ്വീകരിക്കേണ്ടത്.

(ബി) ഉണ്ട്. നിലവിലുള്ള രാജ്യ-ജില്ലാസൈനിക ബോർഡുകളിൽ ആർമി, നേവി, എയർഫോഴ്സ് എന്നീ വിഭാഗങ്ങളിലെ വിമുക്തഭട പ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള സംസ്ഥാന വിമുക്ത ഭട വികസന പുനരധിവാസ കോർപ്പറേഷൻ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

40(45) കഴക്കൂട്ടം സൈനിക സ്കൂൾ വാർഷിക ഫീസ്

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly